പനി ബാധിച്ച് ചികിത്സ തേടിയവർ

20 (6725) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജൂൺ ഒന്ന് മുതൽ നാളിതുവരെ സംസ്ഥാനത്ത് വിവിധയിനം പനികൾ ബാധിച്ച് സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലുമായി എത്രപേർ മരണപ്പെട്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് വിവിധയിനം പനികൾ ബാധിച്ച എത്രപേർ സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലും ചികിത്സതേടിയെത്തിയെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) വിശദാംശം അനുബന്ധം 'ബി' ആയി ചേർക്കുന്നു.*

പനി മരണം തടയാൻ നടപടി

21 (6726) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014 ജനുവരി മുതൽ ഇതുവരെ എത്രപേരാണ് പനി ബാധിച്ച് മരണപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) ഇതിൽ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ ;

(സി) മരണത്തിനു കാരണമായ ഏതെല്ലാം പനികളാണ് കേരളത്തിൽ ഇപ്പോൾ കാണുവാൻ കഴിയുന്നത് ;

(ഡി) ഇത്തരം പനികൾമൂലം വിഷമിക്കുന്നവർക്ക് ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പി.എച്ച്.സി.കളിൽ ആവശ്യമായ ചികിത്സാസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. *

(ബി) വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാരകമായ പനികൾ ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി, ജപ്പാൻജ്വരം, ചെള്ളുപ്പനി, എച്ച്1.എൻ1 തുടങ്ങിയവയാണ്. ആരംഭത്തിൽത്തന്നെ രോഗം സ്ഥിരീകരിച്ച് ചികിത്സാ മാർഗ്ഗരേഖകൾ അനുസരിച്ച് ചികിത്സയും പരിചരണവും നടത്തി മരണ നിരക്ക് കുറയ്ക്കുവാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്. പനികൾമൂലം സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് വരുന്നവർക്ക് സൗജന്യമായിട്ടാണ് മരുന്നുകൾ നൽകിവരുന്നത്.

(ഇ) ബാധകമല്ല.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്ന് വിതരണം

22 (6727) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര കോടി രൂപയുടെ മരുന്നുകളാണ് ശരാശരി ഒരു വർഷം വാങ്ങി വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥമൂലം മരുന്ന് നശിക്കാനിടയായതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ എത്ര രൂപയുടെ മരുന്നാണ് ഉപയോഗശൂന്യമായതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം നേരിടുമ്പോൾ മരുന്ന് നശിക്കാനിടയായതിന്റെ കാരണം എന്താണ് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ശരാശരി 290 കോടി രൂപയുടെ മരുന്നുകളാണ് വാങ്ങി വിതരണം നടത്തിയത്. (2008-09 മുതലുള്ള ശരാശരി 200 കോടി രൂപയാണ്.)

(ബി & സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥകൊണ്ട് മരുന്നുകൾ നശിക്കാനിടയായിട്ടില്ല.

(ഡി) സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിക്കുന്ന ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നത്. ആശുപത്രികളിൽ ക്ഷാമം നേരിടുന്ന മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസിൽ കെട്ടിക്കിടന്ന് നശിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly